# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## 2003 ജൂലായ് 17–ാം തീയതി വ്യാഴാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -28)

574)വന്യമൃഗ സങ്കേതങ്ങൾ ഉൾപ്പെടെയുള്ള വനപ്രദേശങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കാൻ നടപടി
575)കയർ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ
576)പുഷ്പക്കൃഷിയെ പ്രോൽസാഹിപ്പിക്കുവാൻ നടപടി
577)രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശ
578)കേന്ദ്ര ഗവൺമെന്റിൽനിന്ന് വനഭൂമി ലഭ്യമാക്കാൻ നടപടി
579)സ്വകാര്യ ബ്ളെയിഡ് കമ്പനികളെ നിയന്ത്രിക്കാൻ നടപടി
580)സംസ്ഥാനത്തെ കുളമ്പുരോഗ വിമുക്ത മേഖല ആക്കുന്നതിന് പ്രത്യേക പദ്ധതി
581)വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ
582)പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ യഥാർത്ഥ സ്ഥിതി പഠിക്കുന്നതിന് വിദഗ്ദ്ധ സമിതി
583)മിൽമയുടെ കാലിത്തീറ്റയുൽപ്പാദനം
584)ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് പദ്ധതി
585)പാലിൽ നിന്ന് പാൽപ്പൊടി നിർമ്മാണം
586)12ാം ധനകാര്യ കമ്മീഷൻ
587)കുളമ്പുരോഗത്തിന് ഹോമിയോ ചികിത്സ
588)വനാതിർത്തി നിർണ്ണയിക്കുന്നതിന് നടപടി
589)പെൻഷൻ മണി ഓർഡർ ആയി വീടുകളിൽ എത്തിച്ചുകൊടുക്കുന്നതിനുള്ള സംവിധാനം
590)ക്ഷീര കർഷകർക്ക് ക്ഷേമനിധി
591)മൃഗാശുപത്രികളിലെ മരുന്നിന്റെ ദൗർലഭ്യം
592)മരച്ചീനി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി
593)അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കാൻ നടപടി
594)ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണം പാലിക്കാൻ നടപടി
595)നഗരപ്രദേശങ്ങളിലെ കൃഷിഭവനുകൾക്ക് പ്രത്യേക കാർഷിക പരിപാടി
596)ഗ്രാമപ്രദേശങ്ങളിലെ മണ്ണെണ്ണ ദൗർലഭ്യം പരിഹരിക്കാൻ നടപടി
597)അനധികൃതമായി പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങൾ നിർത്തലാക്കാൻ നടപടി
598)റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി
599)ജില്ലാ കൃഷി തോട്ടങ്ങളുടെ നവീകരണം
600)വകുപ്പുകൾക്ക് അനുവദിക്കുന്ന തുക ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി
601.)നിർദ്ധനരും കായികാഭിരുചിയുള്ളവരുമായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ പദ്ധതി

### വന്യമൃഗ സങ്കേതങ്ങൾ ഉൾപ്പെടെയുള്ള വനപ്രദേശങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കാൻ നടപടി

*574. ശ്രീ. ടി.യു. രാധാകൃഷ്ണൻ :
ശ്രീ. എൻ.ഡി. അപ്പച്ചൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ സങ്കേതങ്ങൾ ഉൾപ്പെടെയുള്ള വനപ്രദേശങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കാൻ നിലവിൽ എന്തെങ്കിലും പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉണ്ടായിട്ടുണ്ടോ ;

(ഡി) നിലവിൽ യാതൊരു തടസ്സവുമില്ലാത്ത പക്ഷം അവരുടെ പുനരധിവാസം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ ( വനവും സ്പോർട്സും വകുപ്പുമന്ത്രി):**

(എ) നിലവിൽ പദ്ധതി ഇല്ല. എന്നാൽ ഇത്തരത്തിൽ ഒരു പദ്ധതിക്ക് രൂപം നൽകിവരുന്നു.

(ബി) (സി)& (ഡി) ചോദ്യം ഉദിക്കുന്നില്ല.

**കയർ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ**

*575. ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കയർ കയറ്റുമതി രംഗത്തെ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

**ഉത്തരം**
**ശ്രീമതി കെ.ആർ ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) കയർ മേഖലയിൽ സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ എല്ലാംതന്നെ കയർമേഖലയുടെ വികസനത്തിനും അതുവഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ്. കയർ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഒരു പഠനം നടന്നുവരുന്നു. പുതിയ ഡിസൈനിൽ കയറുല്പ്പന്നങ്ങൾ നിർമ്മിക്കുക, പുതിയ ഉല്പ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയവയ്ക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിനേയോ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയേയോ ചുമതലപ്പെടുത്തി ഒരു പഠനം നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഉല്പാദനശേഷി വർദ്ധിപ്പിക്കാനും, ഉൽപ്പാദനച്ചെലവ് കുറയ്ക്കാനും അതിനുള്ള പരിശീലനം നൽകുന്നതിനുമായി നിയന്ത്രിത യന്ത്രവൽക്കരണ പദ്ധതി നടപ്പാക്കിവരുന്നു. കയറിന്റെയും കയറുല്പന്നങ്ങളുടേയും വിൽപ്പനക്കായുള്ള വിപണി, വികസന സഹായം, പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണസംഘങ്ങൾക്കുമുള്ള മാർജിൻ മണി ഗ്രാന്റ്, കയർ ഭൂ വസ്ത്ര വികസന പരിപാടി, കയർ സ്വകാര്യ മേഖലയിലെ വ്യവസായ സംരംഭകർക്കായി മാർജിൻ മണി വായ്പ, ചകിരിച്ചോറ് ഉപയോഗപ്പെടുത്തൽ, മലിനീകരണ നിയന്ത്രണം, ഊർജ്ജ ഉൽപ്പാദനം എന്നിവയ്ക്കായുള്ള സബ്സിഡി, ചെറുകിട കയർ ഉൽപ്പന്ന ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾക്കായി പൊതുസൗകര്യ സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് ധനസഹായം, സ്വകാര്യമേഖലയിലെ യന്ത്രവൽകൃത ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് പ്രത്യേക ധനസഹായം, കയറും കയറുൽപ്പന്നങ്ങളും വാങ്ങി വിൽക്കുന്നതിന് ഒരു കരുതൽഫണ്ട് തുടങ്ങി പദ്ധതികൾ നടപ്പാക്കിവരുന്നു. കയർ മേഖലയിൽ സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനുള്ള ഗവേഷണ വികസനത്തിനായി ഒരു ദേശീയ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. തൊണ്ടിന്റെയും, ചകിരിയുടേയും ദൗർലഭ്യം പരിഹരിക്കുന്നതിന് ഇവ രണ്ടും ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്രഗവൺമെന്റുമായും, ലക്ഷദ്വീപുമായും ബന്ധപ്പെട്ടുവരുന്നു. സ്വയം തൊഴിൽ ചെയ്യുന്നതിനായി സ്ത്രീകൾക്ക് മോട്ടോർ ഘടിപ്പിച്ച റാട്ടുകൾ നൽകുകയും, പരിശീലനം നൽകുകയും ചെയ്യുന്നു.

(സി) &(ഡി) ഉണ്ട്. തൊണ്ടിന്റെയും, ചകിരിയുടേയും ദൗർലഭ്യം പരിഹരിക്കുന്നതിന് കേന്ദ്രഗവൺമെന്റുമായി കൂടിയാലോചിച്ച് ഇവ ഇറക്കുമതി ചെയ്യുന്ന കാര്യം പരിഗണനയിലാണ്. ലക്ഷദ്വീപിൽ നിന്നും തൊണ്ടും ചകിരിയും ഇറക്കുമതി ചെയ്യുന്ന കാര്യവും പരിഗണിച്ച് വരുന്നു. കയർ മേഖലയിൽ നിലനിന്നിരുന്ന മറ്റു പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഒത്തുതീർപ്പാക്കുന്നതിന് കൃഷി വകുപ്പുമന്ത്രിയുടേയും തൊഴിൽ വകുപ്പു മന്ത്രിയുടേയും അദ്ധ്യക്ഷതയിൽ മൂന്നു യോഗങ്ങൾ കൂടുകയുണ്ടായി. ചർച്ചയുടെ ഫലമായി ഈ മേഖലയിൽ നിലവിലുണ്ടായിരുന്ന ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കാനും ചെറുകിട ഉൽപ്പാദകർക്കുള്ള വാങ്ങൽ വിലയിന്മേൽ 16.12.01 മുതൽ 3% വർദ്ധനവ് നൽകാനും തീരുമാനമായി. കൂടാതെ കയർ കയറ്റുമതി രംഗത്തെ കേന്ദ്രസർക്കാർ നിശ്ചയിച്ചിരുന്ന മിനിമം എക്സ്പോർട്ട പ്രൈസും (എം.ഇ.പി.) പർച്ചേഴ്സ് പ്രൈസ് എൻഫോഴ്സ്മെന്റ് സ്കീമും (പി.പി.ഇ.എസ്) പുനസ്ഥാപിക്കണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കയർ മേഖലയിൽ സമാധാന അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കയറ്റുമതിക്കാർ, വിവിധ അസോസിയേഷനുകൾ, ചെറുകിട ഉൽപ്പാദകർ തുടങ്ങിയവരുടെ പ്രതിനിധികൾ എന്നിവർ അടങ്ങിയ കയർ വ്യവസായബന്ധ സമിതി തൊഴിൽ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇത്തരം ഒരു കമ്മിറ്റി രൂപീകരിക്കുന്ന കാര്യം കയർബോർഡിന്റെയും പരിഗണനയിലുണ്ട്. കയർ കയറ്റുമതി സംബന്ധിച്ച് കയർബോർഡ് കാലാകാലങ്ങളിൽ അവലോകനം നടത്തുന്നുണ്ട്.

## പുഷ്പക്കൃഷിയെ പ്രോൽസാഹിപ്പിക്കുവാൻ നടപടി

*576. ശ്രീ. വി. ബാലറാം :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഡി. സുഗതൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുഷ്പക്കൃഷിയെ പ്രോൽസാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് പ്രതിവർഷം ഉപയോഗയോഗ്യമായ എന്തുമാത്രം പുഷ്പം ഉൽപ്പാദിപ്പിക്കുന്നു ;

(സി) സംസ്ഥാനത്തുനിന്നും പ്രതിവർഷം എന്തു തുകയ്ക്കുള്ള പുഷ്പം കയറ്റുമതി ചെയ്യുന്നു ;

(ഡി) സംസ്ഥാനത്തിന്റെ ആവശ്യത്തിന് പുറത്തുനിന്നും പുഷ്പം കൊണ്ടുവരേണ്ടതുണ്ടോ എന്നറിയിക്കാമോ ?

**ഉത്തരം**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) പുഷ്പകൃഷി വികസനത്തിനുള്ള സംസ്ഥാന പദ്ധതിപ്രകാരം ഫ്ളോറിക്ളബുകൾ രൂപീകരിച്ച് ഗ്രീൻഹൗസ് നിർമ്മാണം, നടീൽ വസ്തുക്കൾ വിതരണം തുടങ്ങിയ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നടീൽ വസ്തുക്കളുടെ വിതരണത്തിനായി 11 നഴ്സറികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

2002-2003-ൽ കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ബൾബസ് ഇനങ്ങൾ, ഓർക്കിഡ്,ആന്തൂറിയം ഇനങ്ങൾ എന്നിവയുടെ കൃഷി വിസൃതി വർദ്ധിപ്പിക്കുന്നതിന് 25 സെന്റ് വീതമുള്ള 155 യൂണിറ്റുകളിലൂടെ ഓരോ യൂണിറ്റിനും 10,000 രൂപ സബ്സിഡി നൽകി പുഷ്പകൃഷി നടപ്പാക്കിയിട്ടുണ്ട്. ഗ്രാഫ്റ്റ് ഇനങ്ങളുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് യൂണിറ്റൊന്നിന് 7500 രൂപയും വിത്തിനങ്ങളുടെ കൃഷിവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് യൂണിറ്റൊന്നിന് 2000 രൂപ വീതവും നൽകി കർഷകർക്ക് പുഷ്പകൃഷിയിൽ ട്രെയിനിംഗ് നൽകുകയുണ്ടായി. നടപ്പുവർഷം ഈ പദ്ധതിക്ക് 124.75 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. .

(ബി) അഗ്രിക്കൾച്ചർ ഫിനാൻസ് കോർപ്പറേഷന്റെ പഠനമനുസരിച്ച് സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 61 ടൺ ഉപയോഗയോഗ്യമായ പുഷ്പം ഉൽപ്പാദിപ്പിക്കുന്നതായിട്ടാണ് കണക്ക്.

(സി) അഗ്രിക്കൾച്ചറൽ ഫിനാൻസ് കോർപ്പറേഷന്റെ പഠനമനുസരിച്ച് പ്രതിവർഷം 3 കോടി രൂപയ്ക്കുള്ള ഓർക്കിഡ്, ആന്തൂറിയം,കട്ട്ഫ്ളവറുകളും ഏഴു കോടിരൂപയുടെ ഫോളിയെജ് പ്ളാന്റ്സും കയറ്റുമതി ചെയ്യുന്നു.

(ഡി) സംസ്ഥാനത്തിന്റെ ആവശ്യത്തിന് പുറത്തുനിന്നും പുഷ്പം കൊണ്ടുവരേണ്ടതുണ്ട്. മുല്ല, പിച്ചി, മാരിഗോൾഡ്, അറളി, ട്യൂബ്റോസ്, താമര തുടങ്ങിയ പുഷ്പങ്ങൾ പുറത്തുനിന്നും കൊണ്ടുവരുന്നുണ്ട്.

## രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശ

*577. ശ്രീ. കെ.വി. കുഞ്ഞിരാമൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ;

(ബി) പ്രസ്തുത ശുപാർശകളുടെ മേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) പദ്ധതിയേതര ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ശുപാർശ നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) നിലവിലുള്ള ഗ്രാന്റുകൾ പോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാതിരിക്കുന്നതുമൂലം ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യ എക്സൈസ് വകുപ്പുമന്ത്രി) :**

(എ) രണ്ടാം ധനകാര്യ കമ്മീഷന്റെ ആദ്യറിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. 8-1-2001-ന്.

(ബി) ശുപാർശകൾ വിശദമായി പഠിക്കുന്നതിനായി ധനകാര്യ-എക്സൈസ്, തദ്ദേശസ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകളുടെ മന്ത്രിമാർ ഉൾപ്പെട്ട ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട് .

(സി) കമ്മീഷൻ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാർ തീരുമാനമെടുത്തശേഷം ടി റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

**കേന്ദ്ര ഗവൺമെന്റിൽനിന്ന് വനഭൂമി ലഭ്യമാക്കാൻ നടപടി**

*578. ശ്രീ. വി. ചെന്താമരാക്ഷൻ :

ഡോ. തോമസ് ഐസക് :

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വനഭൂമി വിട്ടുനൽകാൻ കേന്ദ്രഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ മറുപടി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് മറുപടിയാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സിവനഭൂമി നൽകാൻ കേന്ദ്രസർക്കാർ തയ്യാറായില്ലെങ്കിൽ മനുഷ്യാവകാശ പ്രശ്നമാക്കി കൈകാര്യം ചെയ്യാൻ ദേവസ്വംബോർഡ് തീരുമാനിച്ചിട്ടുള്ള വിവരം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ശബരിമല വികസന പ്രവർത്തനങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കാനാവില്ലെന്ന് കേന്ദ്ര വനം ഡയറക്ടറുടെ പരാമർശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) കേന്ദ്ര വനം ഡയറക്ടരുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി എന്ന നിലയിൽ സംസ്ഥാന ഗവൺമെന്റ് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി) :**

(എ) മരക്കൂട്ടത്തിൽ ക്യൂ കോംപ്ളക്സ് നിർമ്മാണത്തിനായി 26 ഏക്കറും തീർത്ഥാടക പാതയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഇരുവശത്തും 5 മീറ്റർ വീതിയിലും ചെറിയാനവട്ടത്ത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ളാന്റിന് 1.017 ഹൊക്ടർ സ്ഥലവും, കഴുതകളെ ഉപയോഗിക്കുന്നതിന് പ്രത്യേക പാതക്കായി കൂപ്പ് റോഡ് വികസിപ്പിക്കുന്നതിനും സ്ഥലം വിട്ടുകിട്ടുന്നതിന് ദേവസ്വംബോർഡ് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) മറുപടി ലഭിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി തലത്തിലും ദേവസ്വംവകുപ്പു മന്ത്രി തലത്തിലും കേന്ദ്ര വനംവകുപ്പു മന്ത്രിയുമായി ഇക്കാര്യത്തെക്കുറിച്ച് ചർച്ച നടത്തുകയും, നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിന് താൽക്കാലിക ഉപയോഗത്തിന് മരക്കൂട്ടത്ത് 20 ഹെക്ടറും വലിയാനവട്ടത്ത് 2.76 ഹെക്ടറും വനഭൂമി ലഭ്യമാക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകുകയുണ്ടായി.

(ഇ) മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) കൂടുതൽ വനഭൂമിക്കുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണെന്നും ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും രേഖാമൂലമുള്ള മറുപടിയൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ വാർത്താ മാധ്യമങ്ങൾ വഴിയുള്ള ഇത്തരം പരാമർശങ്ങൾ അനുചിതമാണെന്ന് സർക്കാർ അറിയിക്കുകയുണ്ടായി. കൂടുതൽ വനഭൂമി വിട്ടുകിട്ടുന്ന കാര്യത്തിൽ വീണ്ടും കേന്ദ്രസർക്കാരുമായി ബന്ധപ്പെടുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**സ്വകാര്യ ബ്ളെയിഡ് കമ്പനികളെ നിയന്ത്രിക്കാൻ നടപടി**

*579. ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊള്ളപ്പലിശ ഈടാക്കുന്ന സ്വകാര്യ ബ്ളെയിഡ് കമ്പനികളെ നിയന്ത്രിക്കാൻ എന്തെങ്കിലും നിയമം നിലവിലുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ നിയമം എന്ന് വ്യക്തമാക്കുമോ ;

(സി) ബ്ളെയിഡ് കമ്പനികൾ ഈടാക്കുന്ന കൊള്ളപ്പലിശ നൽകാൻ കഴിയാത്തവരെ ഈ കമ്പനിയുടെ ഗുണ്ടകൾ ശാരീരിക പീഡനത്തിനിരയാക്കുന്നത് കാരണം പലരും ആത്മഹത്യ ചെയ്തിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;

(ഇ) ഇത്തരം കേസുകൾ ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതുവരെ എടുത്ത നടപടികൾ വ്യക്തമാക്കുമോ ;

(ജി) ഇല്ലെങ്കിൽ ഇതിനായി ഗവൺമെന്റ് എന്തെങ്കിലും നിയമം കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :**

(എ) 1958-ലെ കേരള മണിലെൻഡേഴ്സ് ആക്ടിൽ പ്രത്യേക നിയമങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) കേരള മണിലെൻഡേഴ്സ് നിയമം 1958 വകുപ്പ് 7 പ്രകാരം സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്ക് കമേഴ്സ്യൽ ബാങ്കുകൾ ലോണുകൾക്ക് ഈടാക്കുന്ന പലിശനിരക്കിൽ നിന്നും 2%-ത്തിൽ കൂടുതൽ പലിശ ഈടാക്കുവാൻ പാടുള്ളതല്ല. വകുപ്പ് 18 (ഡി) പ്രകാരം ഏതെങ്കിലും പണമിടപാടു സ്ഥാപനങ്ങൾ അംഗീകൃത നിരക്കിനേക്കാൾ കൂടുതൽ പലിശ ഈടാക്കി എന്നു ബോദ്ധ്യപ്പെടാൻ ലൈസൻസിംഗ് അതോറിറ്റിക്ക് കൂടുതലായി ഈടാക്കിയ പലിശയുടെ മൂന്നിരട്ടി തുക പെനാലിറ്റിയായി ഈടാക്കാവുന്നതാണ്. കേരള മണി ലെൻഡിംഗ് ആക്ട് പ്രകാരമുള്ള ലൈസൻസിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്വകാര്യ ധനമിടപാടു സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദു ചെയ്യുന്നതിനുള്ള വ്യവസ്ഥയും നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ മണിലെൻഡേഴ്സ് ആക്ടിലെ വിവിധ വകുപ്പുകൾപ്രകാരം മൂന്നു മാസം മുതൽ മൂന്നു വർഷംവരെ തടവോ, 50000/- രൂപ പിഴയോ അല്ലെങ്കിൽ തടവും പിഴയും ചേർന്നുള്ള ശിക്ഷയോ നൽകാവുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 'സി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉണ്ട്.

(എഫ്) ലൈസൻസ് ഇല്ലാത്ത പണമിടപാടു നടത്തുന്നവരെ കണ്ടുപിടിക്കുകയും അനധികൃതമായി പണമിടപാടുകൾ നടത്തുന്നവർക്കെതിരെ മണിലെൻഡിംഗ് നിയമപ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ എല്ലാ ലൈസൻസിംഗ് അതോറിറ്റിക്കും നൽകിയിട്ടുണ്ട്.

(ജി) സംസ്ഥാനത്തെ സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് പര്യാപ്തമായ വ്യവസ്ഥകൾ കേരള മണി ലെൻഡേഴ്സ് ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ അവയ്ക്ക് കാലോചിതമായ ഭേദഗതികളും വരുത്താറുണ്ട്.

## സംസ്ഥാനത്തെ കുളമ്പുരോഗ വിമുക്ത മേഖല ആക്കുന്നതിന് പ്രത്യേക പദ്ധതി

*580. ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുളമ്പുരോഗ വിമുക്ത മേഖല ആക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ദേശീയ ക്ഷീര വികസന ബോർഡിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(സി) ഈ പദ്ധതി നടത്തിപ്പിന് എത്ര ചെലവ് പ്രതീക്ഷിക്കുന്നുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

**ഉത്തരം**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) &(ബി) കുളമ്പുരോഗം പോലെയുള്ള പകർച്ചവ്യാധികൾ നിയന്ത്രിച്ച് കേരളത്തെ ഒരു കാലിരോഗ നിയന്ത്രിത മേഖലയാക്കുക എന്ന ലക്ഷ്യത്തോടെ 32.36 കോടി രൂപ ചെലവു വരുന്ന അഞ്ചുവർഷം കൊണ്ടു നടപ്പിലാക്കുന്ന ഒരു സമഗ്ര രോഗ നിയന്ത്രണ പദ്ധതി ദേശീയ ക്ഷീര വികസന ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഏകദേശം 32.36 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1. ഢമരരശിമശേീി

2. ഛൗയ്യേലമസ ങമിമഴലാലിē
3. അിശാമഹ ാ്ീലാലിē ങമിമഴലാലിē
4. ടല്യൂീ ങ്ീശേ്യൈശിഴ
5. ളുശറലാശീഹീഴശരമഹ ൌേറശലഖ
6. ളഃലിെശീ & ജൗയഹശരശ്യേ
7. ങമി ുീംല്യ റല്ലഹീുാലിē
8. കിളീ്യാമശേീ ങമിമഴലാലിē
9. ജ്യൂീഷലരē ങമിമഴലാലിē ഡിശē

## വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ

*581. ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വ്യവസ്ഥകൾ സംസ്ഥാനത്ത് പാലിക്കുന്നുണ്ടോ ;

(സി) വനേതരാവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്ന വനഭൂമിക്കുപകരം ബദൽവനവൽക്കരണം നടത്താത്തതുമൂലം വനഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വനഭൂമി വനേതരാവശ്യങ്ങൾക്ക് നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ കാര്യക്ഷമമായ രീതിയിൽ നടത്തുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം ഗൗരവമായി പരിഗണിക്കുമോ ;

(എഫ്) ബദൽ വനവൽക്കരണത്തിനായി വർഷന്തോറും ലഭിക്കുന്ന തുക വിനിയോഗിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ് ;

(ജി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; വനവൽക്കരണം നടത്തുന്ന വനചെടികളുടെ അതിജീവനത്തെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി) :**

(എ) വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുമ്പോൾ തുല്യ വിസ്തീർണ്ണമുള്ള വനേതര ഭൂമിയിൽ ബദൽ വനവത്കരണം നടത്തണം. വനേതരഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ വിട്ടു കൊടുക്കപ്പെടുന്ന വനഭൂമിയുടെ ഇരട്ടി വിസ്തീർണ്ണമുള്ള പ്രക്ഷീണ വനപ്രദേശത്ത് ബദൽ വനവത്ക്കരണം നടത്തണം. വനവത്ക്കരണത്തിനുള്ള ചെലവ് ബന്ധപ്പെട്ട ഏജൻസിയാണ് വഹിക്കേണ്ടത്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഈ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് വിലയിരുത്താറുണ്ട്. സംസ്ഥാന സർക്കാരും വ്യവസ്ഥകൾ പാലിക്കുന്ന കാര്യത്തിൽ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

(ഇ) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ബദൽ വനവൽക്കരണത്തെ സംബന്ധിച്ച് സ്വതന്ത്ര ഏജൻസിവഴി കേരളത്തിലെ എല്ലാ ജില്ലകളിലും വിലയിരുത്തൽ നടത്തിവരുന്നുണ്ട്.

(എഫ്) ബദൽ വനവത്ക്കരണത്തിനായി തയ്യാറാക്കുന്ന പദ്ധതിയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് വനവത്ക്കരണം നടത്തുന്നത്. ഇതനുസരിച്ച് പ്രക്ഷീണ വനങ്ങളുടെ പ്രകൃത്യാ ഉള്ള പുനരുദ്ധാരണം തദ്ദേശീയമായ വൃക്ഷത്തൈകളുടെ പുനരുദ്ധാരണം മണ്ണ്, ജലസംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്കും അതിനുശേഷം 5 വർഷംവരെയുള്ള പരിചരണ പ്രവർത്തനങ്ങൾക്കുമായാണ് ഫണ്ട് വിനിയോഗിക്കുന്നത്. വനേതര ഭൂമിയിലും തദ്ദേശീയമായ വൃക്ഷത്തൈകൾ നട്ടു പരിചരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്.

(ജി) പ്രസ്തുത പരിപാടിയുടെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നുണ്ടോ എന്ന് കാലാകാലങ്ങളിൽ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗവും സോഷ്യൽ ഫോറസ്ട്രി വിഭാഗവും മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലെ ഉദ്യോഗസ്ഥന്മാർ

പദ്ധതിപ്രദേശങ്ങൾ സന്ദർശിച്ച് ചെടികളുടെ അതിജീവനത്തെക്കുറിച്ച് വിലയിരുത്താറുണ്ട്. കൂടാതെ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും ഇപ്പോൾ സ്വതന്ത്ര ഏജൻസിവഴി വിലയിരുത്തൽ നടത്തിവരുന്നു.

**പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ യഥാർത്ഥ സ്ഥിതി പഠിക്കുന്നതിന് വിദഗ്ദധ സമിതി**

582. ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീ ടി.കെ. ദേവകുമാർ
ശ്രീ.പി.സി. ജോർജ്
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിന് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ നിജസ്ഥിതി പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടൊ;

(ബി) കാലാവധി കഴിഞ്ഞ പാട്ടഭൂമി ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടൊ;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടർ പാട്ടഭൂമിയാണ് പാട്ടക്കാലാവധി കഴിഞ്ഞ് നിലവിലുള്ളതെന്ന് പറയാമോ;

(ഡി) പാട്ടക്കാലാവധി കഴിഞ്ഞകേസുകളിൽ അവ വീണ്ടും പാട്ടത്തിന് നൽകുമ്പോൾ പാട്ടത്തുക വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**
**ശ്രീ. കെ. സുധാകരൻ (വനവും സ്പൊർട്സും വകുപ്പുമന്ത്രി)**

(എ) ഇപ്പോൾ ഉദ്ദേശമില്ല.

(ബി) ഉചിതമെന്നു കാണുന്നപക്ഷം കാലാവധി കഴിഞ്ഞ പാട്ടഭൂമി ഏറ്റെടുക്കാൻ സർക്കാർ ഉദ്ദെശിക്കുന്നുണ്ട്.

(സി) പാട്ടക്കാലാവധി കഴിഞ്ഞതായി 7359.9039 ഹെക്ടർ വപഭൂമിയാണുള്ളത്.

(ഡി) കാലാവധി കഴിഞ്ഞ് വീണ്ടും പാട്ടത്തിന് നൽകുമ്പോൾ പാട്ടനിരക്ക് പുതുക്കി നിശ്ചയിക്കാറില്ല. കാലാകാലങ്ങളിൽ പൊതുവായിട്ടാണ് പാട്ടനിരക്ക് നിശ്ചയിക്കുന്നത്.

**മിൽമയുടെ കാലിത്തീറ്റയുൽപ്പാദനം**

583. ശ്രീ. എ.കെ. മണി
ശ്രീ എൻ. ശക്തൻ
ശ്രീ എം.എ. ചന്ദ്ര ശേഖരൻ
ശ്രീ എ. സുജനപാൽ
ശ്രീ ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് ആവശ്യത്തിനുള്ള കാലിത്തീറ്റ നൽകുവാൻ മിൽമയ്ക്ക് കഴിയുന്നുണ്ടൊയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് ആവശ്യമായ കാലിത്തീറ്റ എത്രയാണ്;

(സി) മിൽമയുടെ കാലിത്തീറ്റയുത്പ്പാദനം എത്രയാണ്;

(ഡി) കുറഞ്ഞവിലയ്ക്ക് ആവശ്യമായ കാലിത്തീറ്റ കർഷകർക്ക് ലഭ്യമാക്കുവാനായി മിൽമ ഫാക്ടറിയുടെ ഉത്പ്പാദനം വർദ്ധിപ്പിക്കുകയൊ പുതിയ ഫാക്ടറി തുടങ്ങുകയോ ചെയ്യാനുദ്ദേശമുിണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**
**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് ആവശ്യമായ കാലിത്തീറ്റയുടെ 25% മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളു.

(ബി) ശാസ്ത്രീയമായി പശുപരിപാലനം നടത്തുകയാണെങ്കിൽ 6450 ടൺ സമീകൃത കാലിത്തീറ്റ ആവശ്യമാണ്.

(സി) 2000-2001 ൽ 1,26,452 മെട്രിക്ടൺ കാലിത്തീറ്റയും 2001-02 ൽ 1,16,988 മെട്രിക് ടൺ കാലിത്തീറ്റയും 2002-03 ൽ 1,07,592 മെട്രിക് ടൺ കാലിത്തീറ്റയും മിൽമ ഉല്പാദിപ്പിച്ചിട്ടുണ്ട്.

(ഡി) പാലക്കാട് ജില്ലയിലുള്ള മലമ്പുഴ കാലിത്തീറ്റ ഫാക്ടറിയുടെ ഇപ്പോഴുള്ള ഉല്പാദന ശേഷിയായ 200 മെട്രിക് ടൺ എന്നുള്ളത് 300 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനാവശ്യമായ

പ്രരംഭ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനും പുറമേ പുതിയ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പരിശോധന നടത്തിവരികയും ചെയ്യുന്നു.

**ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് പദ്ധതി**

584. ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ ടി.കെ. ബാലൻ
ശ്രീ വി.കെ.സി. മമ്മത്കോയ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

((എ) കാർഷിക മേഖലയിൽ അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടൊ;

(ബി) ഏതെല്ലാം മേഖലകളാണ് ഇതിനുവേണ്ടി കണ്ടെത്തിയിട്ടുള്ളതെന്ന് പറയാമോ;

(സി) ഇത് സംബന്ധിച്ച് പഠനം നടത്തിയ വി.എൻ. ചോപ്ര കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ; അതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ; പ്രസ്തുത പഠന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് കാർഷിക വിജ്ഞാന വ്യാപനം, ജൈവസാങ്കേതിക വിദ്യയിലൂടെ ജൈവ കീട നിയന്ത്രണം, ജൈവവളപ്രയോഗം, ടിഷ്യുകൾച്ചർ തൈകളുടെ ഉല്പാദനം എന്നീ മേഖലകളിലാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) വിവര സാങ്കേതിക വിദ്യയുടെയും കാർഷിക ജൈവ സാങ്കെതിക വിദ്യയുടെയും അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തി കാർഷിക മേഖല നവീകരിക്കുന്നതിനും അതുവഴി കാർഷിക വിജ്ഞാന വ്യാപനത്തിനും കാർഷികമേഖലയിൽ സുസ്ഥിരത കൈവരിക്കുന്നതിനും സംസ്താനത്ത് കാർഷിക ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും കൃഷി ലാഭകരമാക്കുന്നതിനും മൈക്രോ പ്രോപ്പഗേഷൻ വഴി ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനും ബയൊ കൺട്രോൾ ഏജന്റുകളും ബയോ ഫെർട്ടിലൈസറുകളും ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നിർദ്ദെശങ്ങളും മാർഗ്ഗരേഖകളും റിപ്പോർട്ടിലുണ്ട്. വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള കിസാൻ കേരള പ്രോജക്ടും ബയോ ടെക്നോളജി ഉപയോഗിച്ച് കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുൾള ബയോടെക്-കേരള എന്ന പ്രോജക്ടും റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിൽ ആദ്യഘട്ടത്തിൽ വാനിലയും നേന്ത്രനും രണ്ടാം ഘട്ടത്തിൽ കുരുമുളക് ഏലം ഓർക്കിഡുകൾ, ആന്തൂറിയം ഇനങ്ങൾ എന്നിവയും ആണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കിസാൻ-കേരള പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും അതിനായി 46 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ആദ്യപടിയായി പത്ത് കൃഷിഭവനുകളിൽ ഇത് നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കാർഷിക വിവരങ്ങൾ കർഷകർക്ക് കേബിൾ ടി.വി. ശൃംഖല വഴി എത്തിച്ചുകൊടുക്കുന്നതിന് ഏഷ്യാനെറ്റുമായി കരാറിൽ ഏർപ്പെട്ടു. സംപ്രേഷണത്തിന്റെ ഉത്ഘാടനം 20.06.2003 ൽ നടന്നു.

ബയോടെക്-കേരള പദ്ധതി നിർദ്ദെശങ്ങൾ പരിശോധനയിലാണ്. സർക്കാർ വിശദമായി പരിശോധിച്ച് തീരുമാനമെടുത്തതിനുശേഷം കോപ്പികൾ ലഭ്യമാക്കാം

**പാലിൽ നിന്ന് പാൽപ്പൊടി നിർമ്മാണം**

585. ശ്രീ. പ്രതാപ വർമ്മതമ്പാൻ
ശ്രീ കെ. അച്ചുതൻ
ശ്രീ.പി.ടി. തോമസ്
ശ്രീമതി മേഴ്സി രവി
ശ്രീ വി.ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പാലിൽ നിന്ന് പാൽപ്പൊടി നിർമ്മിക്കുന്നുണ്ടൊ;

(ബി) എങ്കിൽ പ്രതിമാസം എത്ര പാൽപ്പൊടി ഉൽപ്പാദിപ്പിക്കുന്നു;

(സി) സംസ്ഥാനത്ത് പപാലിൽ നിന്ന് എന്തെല്ലാം ഉല്പ്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തില ഉണ്ടാക്കുന്നുണ്ട്;

(ഡി) ഇവ കയറ്റുമതി ചെയ്യുന്നുണ്ടൊ എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**
**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) 2003-2004 ൽ സംഭരിക്കുന്ന പാലിന്റെ അളവ് വിപണനത്തേക്കാൾ അധികം ഇല്ലാത്തതിനാൽ പാൽപ്പൊടിയാക്കി കൺവർഷൻ ചെയ്യുന്നില്ല. എന്നാൽ ഉല്പ്പന്നമായി വിൽക്കുന്നതിനുവേണ്ടി ഓരോമാസവും 27,000 ലിറ്ററോളം പാൽ കൺവർട്ട് ചെയ്ത് ഡയറി വൈറ്റ്നറായി ഉല്പ്പാദിപ്പിക്കുന്നുണ്ട്.

(സി) സംസ്താനത്ത് പാലിൽ നിന്ന് ക്രീം, വെണ്ണ, നെയ്യ്, ഐസ്ക്രീം, ഫ്ളേവേർഡ് മിൽക്ക് പേട, ചോക്കലേറ്റ്, ഹൽവ, പനീര്, തൈര്, സംഭാരം കുൽഫി, പാലട മിക്സ് തുടങ്ങിയവ വ്യാവസായികാടിസ്താനത്തിൽ ഉണ്ടാക്കുന്നുണ്ട്.

(ഡി) വളരെ കുറച്ച് നെയ്യ് മാത്രമാണ് മിൽമ നാളിരുവരെ കയറ്റുമതി ചെയ്തിട്ടുള്ളത്. മിൽമ ഉല്പാദിപ്പിക്കുന്ന എല്ലാ ഉല്പ്പന്നങ്ങൾക്കും ആവശ്യത്തിന് പ്രാദേശീക വിപണി ഉള്ളതിനാൽ ആഗോള കമ്പോളത്തിൽ വിപണനം ചെയ്യുന്നതിനാവശ്യമായ സ്വയാർജ്ജിത ഗുണനിലവാര സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് കയറ്റുമതിയെപ്പറ്റി ആലോചിക്കുന്നതാണ്.

## 12ാം ധനകാര്യ കമ്മീഷൻ

586. ശ്രീ.ഡി. സുഗതൻ
ശ്രീ എം.മുരളി
ശ്രീ എ.പി. അനിൽകുമാർ
ശ്രീ ലൂഡി ലൂയിസ്
ശ്രീ കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ;

(എ) 12-ാം ധനകാര്യ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ താല്പര്യം പരിരക്ഷിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് പറയാമോ;

(ബി) ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിക്കുമ്പോൾ സംസ്ഥാനത്തെ രാഷ്ട്രീയകക്ഷി പ്രതിനിധികളെ ചർച്ചയ്ക്കു വിളിക്കാറുണ്ടൊ;

(സി) ഉണ്ടെങ്കിൽ കാലേകൂട്ടി സംസ്താനത്തെ രാഷ്ട്രീയ കക്ഷികൾക്ക് ധനകാര്യ കമ്മീഷന്റെ മുൻപിൽ വാദഗതികൾ നിരത്തുവാനാവശ്യമായ വിവരങ്ങൾ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടൊ ?

**ഉത്തരം**
**കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)**

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽ നിന്നും അയച്ചുതന്നിട്ടുള്ള സ്റ്റേറ്റുമെന്റുകളുടേയും മറുപടി സമയബന്ധിതമായി എത്തിച്ചുകൊടുക്കേണ്ട ശ്രമകരമായ ജോലിയിൽ സർക്കാർ ഏർപ്പെട്ടിരിക്കുകയാണ്. കൂടാതെ കേരളത്തിന്റെ താല്പര്യങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ ഒരു മെമ്മോറാണ്ടം കമ്മീഷനു നൽകുന്നുണ്ട്. ആയതിലേക്കായി 09.07.2003 ൽ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ അദ്ധ്യക്ഷനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ വർഷാവസാനം കമ്മീഷൻ കേരളം സന്ദർശിക്കുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക താല്പ്പര്യങ്ങള സംരക്ഷിക്കുന്ന വസ്തുതകളും യാഥാർത്ഥ്യങ്ങളും ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നതാണ്.

(ബി) ഉണ്ട്.

(സി) പ്രസ്തുത വിവരങ്ങൾ ഒന്നും നൽകുന്ന പതിവില്ല.

## കുളമ്പുരോഗത്തിന് ഹോമിയോ ചികിത്സ

587. പ്രൊഫ. എ.ഡി. മുസ്തഫ
ശ്രീമതി.സാവിത്രി ലക്ഷ്മണൻ
ശ്രീ എ. സുജനപാൽ
ശ്രീ തമ്പാനൂർ രവി
ശ്രീ ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ;

(എ) കന്നുകാലികളുടെ കുളമ്പുരോഗം സംസ്ഥാനത്ത് എവിടെയെല്ലാം കാണപ്പെടുന്നു;

(ബി) ഈ രോഗ ചികിത്സയ്ക്ക് ഫലപ്രദമായ മരുന്നു നൽകാൻ വെറ്ററിനറി ഡോക്ടർമാർക്ക് കഴിയുന്നുണ്ടൊ;

(സി) ഈ രോഗം പിടിപെട്ട മിക്ക കന്നുകാലികളും ചത്തുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ രോഗത്തിന് ഫലപ്രദമായ ഹോമിയോ മരുന്നുണ്ടൊ;

(ഇ) എങ്കിൽ ഇത്തരം രോഗം വരുന്ന കന്നുകാലികൾക്ക് ഹോമിയോ ചികിത്സകൂടി പ്രയോഗിക്കുവാൻ നിർദ്ദേശം നൽകുമോ?

**ഉത്തരം**
**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) 2002-2003 വർഷത്തിൽ കുളമ്പുരോഗം കേരളത്തിൽ വ്യാപകമായി പടർന്നുപിടിക്കുകയുണ്ടായി. എല്ലാ ജില്ലകളിലും രോഗബാധ ഉണ്ടായി. കണ്ണൂർ ആലപ്പുഴ ജില്ലകളിൽ വളരെ ശക്തമായിട്ടാണ് രോഗബാധയുണ്ടായത്. ഇടുക്കി വയനാട്, കൊഴിക്കോട്, കാസർഗോഡ് ജില്ലകളിൽ വളരെക്കുറച്ചു കന്നുകാലികൾക്കേ രോഗബഅധയുണ്ടായിട്ടുള്ളു.

(ബി) കുളമ്പുരോഗം ഒരു വൈറസ് രോഗബാധയാണ്. അതുകൊണ്ട് ഈ രോഗത്തിന് എതിരെ ഫലപ്രദമായ പ്രതിരോധ കുത്തിവയ്പ് നടത്തിവരുന്നുണ്ട്.

(സി) ആകെ 18198 കന്നുകാലികൾക്ക് പ്രസ്തുത രോഗ ബാധയുണ്ടാവുകയും 1237 എണ്ണം മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) ഹോമിയോമരുന്നു ഉപയോഗിച്ചുനോക്കി ഫലപ്രദമാണോ എന്നു ഗവേഷണം നടത്തി നോക്കിയിട്ടില്ല.

(ഇ) ഹോമിയോ ചികിത്സ കൃഷിക്കാർ ചെയ്യുന്നുണ്ട്. ഗവൺമെന്റ് ഇതിനെപ്പറ്റി പരീക്ഷണം നടത്തി വിജയമാണെന്ന് കണ്ടാലെ നിർദ്ദേശം കൊടുക്കുവാൻ കഴിയുകയുള്ളു.

## വനാതിർത്തി നിർണ്ണയിക്കുന്നതിന് നടപടി

588. ശ്രീ. ടി.പി രാമകൃഷ്ണൻ
ശ്രീ എം.വി. ജയരാജൻ
ശ്രീ കെ.പി. സതീശ്ചന്ദ്രൻ
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ വനാതിർത്തി നിർണ്ണയിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടൊ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) മിക്ക സ്ഥലങ്ങളിലും വ്യക്തമായ അതിരുകൾ രേഖപ്പെടുത്താത്തതുകാരണം വ്യാപകമായ വനം കൈയേറ്റവും മരംമുറിച്ചുകടത്തലും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടു്ണടോ;

(സി) എങ്കിൽ ഇത് തടയുന്നതിനായി ഒരു സമയപരിധി നിശ്ചയിച്ച് വനസർവേ പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) കൈയേറ്റത്തിന് വിദേയമായ സ്ഥലങ്ങൾ ഒഴിപ്പിച്ച് സർവെ നടത്തി ജെണ്ട കെട്ടി തിരിച്ച് അവ വീണ്ടും വനഭൂമിയായി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) വനം വകുപ്പിന് അവകാശപ്പെട്ട ഭൂമി റവന്യുവകുപ്പിന്റെ പക്കൽ ഉണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വനം, റവന്യു എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്താൻ തയ്യാറാവുമോ ?

**ഉത്തരം**
**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. സംസ്താനത്തെ വനാതിർത്തി നിർണ്ണയിക്കുന്നതിന്റെ ഭാഗമായി സർവ്വേ നടത്തുകയും ജണ്ടകളുംകയ്യാലയും നിർമ്മിക്കുകയും ചെയ്തുവരുന്നു

(ബി) അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വനം കൈയ്യേറ്റം തടയുന്നതിനായി സമയബന്ധിതമായി വനസർവ്വേ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സർവ്വെ നടത്തി ജണ്ടകെട്ടിതിരിച്ച് അവ വീണ്ടും വനഭൂമിയായി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

## പെൻഷൻ മണി ഓർഡര ആയി വീടുകളിൽ എത്തിച്ചുകൊടുക്കുന്നതിനുള്ള സംവിധാനം

589. ശ്രീ. പി.കെ. ബാവ
ശ്രീ കളത്തിൽ അബ്ദുള്ള
ശ്രീ സി. മോയിൻ കുട്ടി
ശ്രീ ടി.പി.എം സാഹിർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ;

(എ) ഗവൺമെന്റ് ചെലവിൽ പെൻഷൻ മണി ഓർഡര ആയി വീടുകളിലെത്തിച്ചു കൊടുക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) ട്രഷറികളിൽ വന്ന് പെൻഷൻ കൈപ്പറ്റുന്നവർ ഇപ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഗവൺമെന്റ് നടപ്പാക്കിയതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ കാരങ്ങൾ വിശദീകരിക്കാമോ ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)**

(എ൦ നിലവിൽ ഉണ്ട്. എഴുപത്തിയഞ്ചുവയസ്സും അതിൽ കൂടുതൽ പ്രായമുള്ള പെൻഷൻകാർ. ട്രഷറിയിൽ എത്താൻ കഴിയാത്ത വികലാംഗരായ പെൻഷൻമാർ, കടുത്തരോഗം കാരണം അവശത സംഭവിച്ച പെൻഷൻകാർ, ബുദ്ധിമാന്ദ്യം സംഭവിച്ച പെൻഷൻകാർ എന്നിവർക്ക് സർക്കാർ ചെലവിൽ പെൻഷൻ മണിഓർഡറായി വീടുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

(ബി) ട്രഷറികളുടെ കമ്പ്യൂട്ടർവത്ക്കരണവും, ടെല്ലർ സംവിധാനവും വലിയ ഒരളവുവരെ പെൻഷൻ വേഗത്തിലും കൃത്യതയോടും പെൻഷൻൊർക്ക് വിതരണം ചെയ്യാൻ സഹായിക്കുന്നുണ്ട്.. സംസ്ഥാനത്തെ ട്രഷറികളുമായി ബന്ധപ്പെട്ട് വിവിധ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന വൺ-മാൻ ട്രഷറികളിൽ ബന്ധപ്പെട്ട പഞ്ചായത്തുകളിലെ പെൻഷൻകാർക്ക് ബുദ്ധിമുട്ടുകളില്ലാതെ തന്നെ പെൻഷൻ വിതരണം ചെയ്യാൻ സാധിക്കുന്നു.

**<u>ക്ഷീര കർഷകർക്ക് ക്ഷേമനിധി</u>**

590. ശ്രീ. എൻ.ഡി. അപ്പച്ചൻ
ശ്രീ ടി.എച്ച്.മുസ്തഫ
ശ്രീ അടൂർ പ്രകാശ്
ശ്രീ വി.ജെ പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ;

(എ) ക്ഷീര കർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ:

(ബി)വാർദ്ധക്യം ബാധിച്ച ക്ഷീരകർഷകർക്കും ഗുരുതരമായ രോഗം ബാധിച്ച ക്ഷീരകർഷകർക്കും എന്തെങ്കിലും സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(സി) ക്ഷീരകർഷകരുടെ മക്കളുടെ ഉന്നതപഠനത്തിന് ഗവൺമെന്റോ മിൽമയോ എന്തെങ്കിലും പ്രോത്സാഹനം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ക്ഷീര കർഷകർക്ക് ക്ഷേമനിധി രൂപീകരിച്ചിട്ടില്ലാത്തപക്ഷം അതിനുള്ള നടപടിയെടുക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) ഇല്ല.

(ബി) & (സി) എന്നാൽ മേഖലാ യൂണിയനുകൾ ആവശ്യമായ ഈ ആവശ്യത്തിനായി സഹായം നൽകിവരുന്നു. ആനന്ദ് മാതൃകാ ക്ഷീരോല്പാദന സഹകരണ സംഘങ്ങളിൽ അംഗത്വമുള്ള, സ്ഥിരമായി പാൽ നൽകുന്ന ക്ഷീരകർഷകരുടെ ക്ഷേമത്തിനായി വിവിധ പ്ദ്ധതികൾ അതാത് മേഖലാ യൂണിയനുകൾ നടതപ്പിലാക്കിയിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസം, തർഷകർക്ക് ചികിത്സാ സഹായ ഇൻഷ്വറൻസ്, അപകട ഇൻഷ്വറൻസ്, കന്നുകാലി ഇൻഷ്വറൻസ്, മൃഗചികിത്സാ സഹായം പാലുൽപ്പാദനചിലവ് പരമാവധി കുറച്ച് പാലുത്പ്പാദനം വർദ്ധിപ്ിക്കുന്നതിനാവശ്യമായ ഉല്പാദനോപാധികളും പദ്ധതികളും മുതലായവ ഓരോമേഖലാ യൂണിയനും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ക്ഷീര കർഷകർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട അക്ച്യൂറിയർ സ്റ്റഡി നടത്തുന്നതിന് ഒരു വിദഗ്ദ്ധ ഏജൻസിയെ മിൽമ ചുമതലപ്പെടുത്തിയിട്ടുണ്ട. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

**<u>മൃഗാശുപത്രികളിലെ മരുന്നിന്റെ ദൗർലഭ്യം</u>**

591. ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ മൃഗാശുപത്രികളിൽ അഅവശ്യത്തിന് മരുന്നില്ലാത്തതുമൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്ദ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡിപ്പാർട്ടുമെന്റ് പല്ർച്ചേസ് കമ്മിറ്റി മൃഗാശുപത്രികൾക്കാവശ്യമായ മരുന്നുകൾ വാങ്ങി നൽകിയിട്ട് മൂന്നുവർഷത്തോളമായി എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) അകിടുവീക്കം,ബെബിഷ്യേസ്, സ്പൈലേര്യോസിസ് എന്നീ മാരക രോഗങ്ങൾക്കുള്ള ആന്റീബയോട്ടിക്കുകൾ ലഭ്യമല്ലാത്തതിനാൽ നിരവധി കാലികൾ ചത്തൊടുങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ;

(ഇ) മരുന്നുകൾ ലഭ്യമല്ലാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) അവസാനമായി ഡിപ്പാർട്ട്മെന്റ് പർച്ചേസ് കമ്മീറ്റി മൃഗാശുപത്രികൾക്ക് മരുന്നുകൾ വാങ്ങിനൽകിയത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ജി) മൃഗ സംരക്ഷണത്തിനായി ഗവൺമെന്റ് നീക്കിവയ്ക്കുന്ന ഫണ്ട് നാമമാത്രമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ;

(എച്ച്) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. മൃഗ സംരക്ഷണ വകുപ്പിൽ കഴിഞ്ഞമൂന്നുവർഷങ്ങളായി മരുന്നു വാങ്ങിയിട്ടില്ല എങ്കിലും സംസ്ഥാനത്ത് കുളമ്പുരോഗ ബാധയുണ്ടായ സാഹചര്യത്തിൽ അത്യാവശ്യ മരുന്നുകൾ വാങ്ങുന്നതിന് എല്ലാ ജില്ലകൾക്കും ഒരു ലക്ഷം രൂപ വീതവും കഠിനമായ രോഗബാധയുണ്ടായ കണ്ണൂർ ആലപ്പുഴ ജില്ലകളിൽ രണ്ടു ലക്ഷം രൂപ വീതവും അനുവദിക്കുകയുണ്ടായി.

(ബി) & (സി) ഡിപ്പാർട്ടുമെന്റിൽ മരുന്നു വാങ്ങിയതിൽ അഴിമതി ഉണ്ടെന്ന് അറിവായതുകൊണ്ട് വീണ്ടും മരുന്നു വാങ്ങുന്നത് സ്റ്റോർ പർച്ചേസ് നിയമം പരിപാലിച്ചുകൊണ്ട് വേണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഈ രോഗങ്ങൾ മൂലം മൃഗങ്ങൾ ഒന്നും തന്നെ ചത്തതായി റിപ്പോർക്ക് ലഭിച്ചിട്ടില്ല.

(ഇ) 2001-2002,2002-2003 എന്നീവർഷങ്ങളിൽ ഡിപ്പാർട്ട്മെന്റിൽ ടെൻഡർ നടപടികൾ മുഖേന മരുന്നു വാങ്ങിച്ചിട്ടില്ല. സ്റ്റോർ പർച്ചേസ് റൂൾ അനുസരിച്ച് വാങ്ങിയ നടപടി പൂർത്തീകരിക്കാൻ കമ്മിറ്റി കൂടാത്തതിനാൽ താമസിച്ചിട്ടുണ്ട്. എന്നുൽ കുളമ്പുരോഗം വ്യാപകമായി കണ്ടതിന്റെ അടിസ്താനത്തിൽ മരുന്നു വാങ്ങുവാന ഓരോ ജില്ലയ്ക്കും ഒരു ലക്ഷം രൂപ വീതവും അനുവദിച്ചിക്കുണ്ട്. രോഗം ഗുരുതരം എന്നു കണ്ട് ആലപ്പുഴ കണ്ണൂർ എന്നീ ജില്ലകൾക്ക് രണ്ട് ലക്ഷം രൂപ വീതവും അനുവദിച്ചിരുന്നു. ഇതിനുപുറമേ വളരെ അത്യാവശ്യമെന്ന്കണ്ട് ആലപ്പുഴ, കൊല്ലം ജില്ലകൾക്ക് 50,000 രൂപ വീതം ജൂൺ മാസത്തിൽ നൽകിയിട്ടുണ്ട്.

(എഫ്) 2000-2001 സാമ്പത്തിക വർഷത്തിൽ

(ജി) അത്യാവശ്യത്തിന് ഫണ്ട് മതിയാകുന്നതാണ്.

(എച്ച്) ബാധകമല്ല.

**മരച്ചീനി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

592. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :

ശ്രീ.യു.സി.രാമൻ :

ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. പികെ.അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃ,ഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽകൃഷി സ്വയംപര്യാപ്തമല്ലാത്തതിനാൽ മരച്ചീനി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടിയെടുക്കുന്നുണ്ടോ ;

(ബി) കേരളീയർക്ക് ഇഷ്ടപ്പെട്ട ആഹാരവും വിവിധ വ്യവസായിക ഉപയോഗവുമുള്ള മരച്ചീനിയുടെ ഉൽപാദനം സംസ്ഥാനത്ത് വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃ,ഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ) , (ബി) & (സി)

200001ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 1,14,609 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്യുന്നു. ഇതിൽ നിന്നും 25,869 ലക്ഷം ടൺ മരച്ചീനി ഉല്പാദിപ്പിക്കുന്നു. ഈ ആഭ്യന്തര ഉല്പാദനം നിലവിൽ സംസ്ഥാനത്തെ ജനങ്ങൾക്ക് ആഹാരമായി ഉപയോഗിക്കുന്നതിനും വ്യാവസായിക ആവശ്യങ്ങൾ നിറവേറ്റുന്േനതിനും പര്യാപ്തമാണെന്നാണ് മനസ്സിലാക്കുന്നത്.എന്നരുന്നാലും ഇതിന്റെ കയറ്റുമതി സാദ്ധ്യത കണക്കിലെടുത്ത് കാർഷിക കയറ്റുമതി മേഖലയിൽ ഉൾപ്പെടുത്തി ഉൽപാദനം വർദ്ധിപ്പിച്ച് കയറ്റുമതി നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.ഇതിന്റെ വിശദാംശങ്ങൾക്ക് അന്തിമരൂപമായിട്ടില്ല.

## അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കാൻ നടപടി

593 ശ്രീ.പിരപ്പൻകോട് മുരളി :
ശ്രീ.കെ.രാധാകൃഷ്ണൻ :
ശ്രീ.ടി.കെ.ദേവകുമാർ :
ശ്രീ.വി.കെ.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃ,ഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ സേഖരിച്ച് സൂക്ഷിക്കുന്നതിനും അവ യഥാസമയം കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിനും നിലവിലുള്ള സംവിധാനം എന്താണെന്ന് പറയാമോ ;

(സി) അത്യുല്പാദന ശേഷിയുള്ള ഏതെല്ലാം വിത്തിനങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ സുലഭമാക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) കാർഷിക സർവകലാശാലയുടെ ഗവേഷണത്തിന്റെ ഫലമായി ഏതെല്ലാം അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃ,ഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ) കാർഷികമേഖലയിൽ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾക്ക് കുറവു വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത നെൽവിത്തു വിതരണ അതോറിറ്റിയുടെ മേൽനോട്ടത്തിൽ അത്യുൽപാദനശേഷിയുള്ള വിത്തിന്റെ ഉൽപാദനം, വിതരണം, സംഭരണം, സംസ്ക്കരണം എന്നിവ നടത്താനുള്ള സംവിധാനം നിലവിലുണ്ട്.

(സി) അത്യുൽപാദനശേഷിയുള്ള ജ്യോതി, ചുവന്ന ത്രിവേണി , ഐശ്വര്യ, കാഞ്ചന, കൈരളി, പഞ്ചമി, പവിത്ര, രേവതി, ഹർഷ, ഉമ, രമണിക, ആതിര മുതലായ നെൽവിത്തിനങ്ങളും വിവിധ പച്ചക്കറി വിത്തിനങ്ങളും ഉല്പാദിപ്പിച്ച് ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഉണ്ട്. സംസ്ഥാനത്തിനു ആവശ്യമായ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ സംസ്ഥാനത്തു തന്നെ ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നതിനായി രജിസ്ട്രേഡ് വിത്തുൽപാദനരീതി നടപ്പിലാക്കുന്നുണ്ട്. ഇതിലേക്കായി ഈ വർഷം 140 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 3500 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നു. അത്യുൽപാദനശേഷിയുള്ള ജനിയിതവിത്ത് (ബ്രീസർ സീഡ്) കാർഷിക സർവകലാശാലയിൽ നിന്നും വാങ്ങി സംസ്ഥാന ഫാമുകളിൽ എഫ്,എസ്,1 എഫ്.എസ്.2 (അടിസ്ഥാനവിത്തുകൾ) വിത്തുകളായി വർദ്ധിപ്പിക്കുന്നു. ഈ വിത്തുകൾ തെരഞ്ഞെടുത്ത കർഷകരുടെ സ്ഥലത്ത് സർഫിഫൈഡ് വിത്തുൽപാദനത്തിന് സൗജന്യമായി നൽകുന്നു. കൃഷി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഉൽപാദിപ്പിക്കുന്ന വിത്ത് കേരള വിത്തു വികസന അതോറിറ്റി വഴി സംഭരിച്ച് സംസ്കരിച്ച് കർഷകക്ക് വിതരണം ചെയ്തുവരുന്നു.

(ഇ) കാർഷികസർവകലാശാലയുടെ ഗവേഷണഫലമായി ഓരോ വിളയിലും പുറത്തിറങ്ങിയിട്ടുള്ള ഇനങ്ങൾ ചുവടെ ചേർക്കുന്നു :

| വിള | ഇനങ്ങളുടെ എണ്ണം |
|---|---|
| നെല്ല് | 54 |
| പച്ചക്കറി ഇനങ്ങൾ | 45 |
| തെങ്ങ് | 6 |
| കശുമാവ് | 14 |
| കൊക്കൊ | 10 |

| | |
|---|---|
| സുഗന്ധവ്യഞ്ജനങ്ങൾ | 15 |
| എണ്ണക്കുരുക്കൾ | 12 |
| പയറുവർഗ്ഗങ്ങൾ | 6 |
| കരിംപ് | 4 |
| വാഴ | 2 |
| കിഴങ്ങുവർഗ്ഗങ്ങൾ | 5 |
| മരുന്നുചെടികൾ | 3 |
| തീറ്റപ്പുല്ല് | 2 |

**ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണം പാലിക്കാൻ നടപടി**

594 ശ്രീ. രാജൻ ബാബു :
ശ്രീ. കെ.കെ. ഷാജു :
ശ്രീ ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണം പാലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സംവരണം പാലിക്കുന്നുണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഇല്ലെങ്കിൽ ദേവസ്വം ബോർഡിൽ ഇനി നടക്കാൻ പോകുന്ന മുഴുവൻ നിയമനങ്ങളിലും സംവരണം പാലിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ.ജി.കാർത്തികേയൻ (ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പു മന്ത്രി )** :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ ഇപ്പോൾ സംവരണം ഏർപ്പെടുത്തിയിട്ടില്ല. കൊച്ചിൻ ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണം പാലിച്ചുവരുന്നുണ്ട്.

(ബി) കൊച്ചിൻ ദേവസ്വം ബോർഡിൽ പുതിയ നിയമനങ്ങളിലും ഉയർന്ന തസ്തികയിലേക്കുള്ള പ്രോമോഷനിലും 10% തസ്തികകൾ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കരട് നിയമവ്യവസ്ഥകൾ തയ്യാറാക്കി കേരളാ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത കരട് വിജ്ഞാപനത്തെ ചോദ്യം ചെയ്ത് ബോർഡിന് ലഭിച്ചിട്ടുള്ള ആക്ഷേപങ്ങളിന്മേൽ നിയമോപദേശം തേടി നടപടികൾ തുടർന്നുവരികയാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്,

**നഗരപ്രദേശങ്ങളിലെ കൃഷിഭവനുകൾക്ക് പ്രത്യേക കാർഷിക പരിപാടി**

595 ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ കൃഷിഭവനുകൾക്ക് മാത്രമായി പ്രത്യേക കാർഷിക പരിപാടിക്ക് രൂപം കൊടുക്കുമോ ;

(ബി) നഗരപ്രദേശങ്ങലിലെ നാമമാത്ര ഭൂമിയിൽ ഭക്ഷ്യ വസ്തുക്കൾ കൃഷി ചെയ്യുന്നതിന് സംസ്ഥാന ഗവണ്മെന്റ് പ്രോത്സാഹനം നൽകാറുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) വീടുകളുടെ ടെറസ്സിലും കോമ്പൗണ്ടിനുള്ളിലും കൃഷി ചെയ്യാവുന്ന നടീൽ വസ്തുക്കൾ നഗരങ്ങളിൽ വിതരണം ചെയ്യുമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ (് കൃ,ഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ തിരുവനന്തപുരത്ത് നഗരത്തിലൊരു നാട്ടിൻപുറം പരകീക്ഷണത്തിനായി തുടങ്ങിയിട്ടുണ്ട്.

(ബി) & (സി) നഗരപ്ദേശങ്ങളിൽ റസിഡൻഷ്യൽ അസോസിയേഷനുകൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയവയുടെ സജീവ പങ്കാളത്തത്തോടെ പച്ചക്കറി പുഷ്പക്കൃഷി മറ്റു വൃക്ഷത്തൈകൾ വിതരണത്തിനായി നടീൽവസ്തുക്കളുമടങ്ങിയ കിറ്റ് സബ്സിഡി നിരക്കീൽ 5 രൂപക്ക് നൽകുന്നു.കൂടാതെ 10 കിലോ വീതമടങ്ങിയ ജൈവവളകിറ്റുകൾ 25% സബ്സിഡിയോടെ (സബ്സിഡി 5 രൂപയായി നിജപ്പെടുത്തിക്കൊണ്ട്) അവുവദിച്ചു വരുന്നു. 2002-03-ൽ നഗരപ്രദേശങ്ഹലിൽ കൃഷി പ്രോത്സാഹിപ്പിച്ചിരുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനിലെ 11 റസിഡൻഷ്യൽ കോളനികൾ കേന്ദ്രമാക്കി നഗരത്തിൽ ഒരു നാട്ടിൻപുറം എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നു. ആ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കയാണ്. നടീൽ വസ്തുക്കളുടെ വിതരണം സബ്സിഡി നിരക്കിൽ വളം വിതരണം, പരിശീലനം നൽകൽ തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കൃഷി ഫാമുകളിലും മറ്റ് അംഗീകൃത സ്ഥാപനങ്ങളിലും ഉൽപാദിപ്പിക്കുന്ന വിത്തുകളും നടീൽവസ്തുക്കളും കൃഷി ഭവൻ വില്പനകേന്ദ്രം വഴി നഗരങ്ങളിൽ ഇപ്പോൾ വിതരണം ചെയ്തുവരുന്നുണ്ട്.

## ഗ്രാമപ്രദേശങ്ങളിലെ മണ്ണെണ്ണ ദൗർലഭ്യം പരിഹരിക്കാൻ നടപടി

596. ശ്രീ.പി.ജയരാജൻ :
ശ്രീ.സാജുപോൾ :
ശ്രീമതി. ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ മണ്ണെണ്ണയുടെ ദൗർലഭ്യം മൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മണ്ണെണ്ണയുടെ ദൗർലഭ്യത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) മണ്ണെണ്ണയുടെ ദേശീയ ആളോഹരി ശരാശരി വിഹിതം കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ ;

(ഡി) കേന്ദ്രത്തിൽനിന്ന് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓരോ വർഷവും ലഭിച്ച മണ്ണെണ്ണ വിഹിതത്തിന്റെ കണക്ക് വെളിപ്പെടുത്തുമോ ;

(ഇ) വിദ്ധ്യുച്ഛക്തി വകുപ്പിന്റെ ലോഡ് ഷെഡിംഗ് നിലനിൽക്കുന്നതുൾപ്പെടെയുള്ള സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് ഗ്രാമീണ ജനങ്ങൾക്ക് കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് വിഹിതം വർദ്ധിപ്പിച്ച് വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ.ജി.കാർത്തികേയൻ (ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പു മന്ത്രി )** :

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗവണ്മെൻറ് സംസ്ഥാനത്തിന് പ്രതിമാസം അനുവദിക്കുന്ന മണ്ണെണ്ണയുടെ വിഹിതം അടിക്കടി കുറയ്ക്കുന്നതിനാൽ ആവശ്യാനുസരണം മണ്ണെണ്ണ ലഭ്യമാക്കാൻ കഴിയുന്നില്ല.

(സി) കേന്ദ്രത്തിൽനിന്നും ഇപ്പോൾ പ്രതിമാസം 24013 കിലോലിറ്റർ മണ്ണെണ്ണ സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്.

(ഡി) വിവരം ചുവടെ ചേർക്കുന്നു

:

| | |
|---|---|
| 1998 - 99 | 3,85,512 കിലോ ലിറ്റർ |
| 1999 - 00 | 3,88,177 |
| 2000 - 01 | 3,97,262 |
| 2001 - 02 | 3,46,290 |
| 2002 - 03 | 3,04,141 |

(ഇ) കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന പ്രതിമാസ മണ്ണെണ്ണ വിഹിതം യഥാർത്ഥത്തിൽ ആവശ്യമുള്ളതിനേക്കാൾ വളരെ കുറവ്യതിനാൽ മണ്ണെണ്ണ വിഹിതം വർദ്ധിപ്പിച്ചു നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

**<u>അനധികൃതമായി പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങൾ നിർത്തലാക്കാൻ നടപടി</u>**

597. ശ്രീ.ജോണി നെല്ലൂർ :

ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങൾ നിറുത്തലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന അനധികൃത പണമിടപാട് സ്ഥാപനങ്ങളെക്കുറിച്ച് സർക്കാരിന് വ്യക്തമായ കണക്കുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ.ശങ്കരനാരായണൻ ( ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ) :**

(എ) 1958-ലെ കേരള മണി ലെൻഡേഴ്സ് ആക്ടിൽ കേരളത്തിൽ പ്രവർത്തിക്കുന്ന അനധികൃതലപണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുവാൻ വേണ്ട നിയമങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.ഇതിൽ പ്രധാനപ്പെട്ട വ്യവസ്ഥകൾ താഴെ ചേർക്കുന്നു :

1, പ്രസ്തുത നിയമം വകുപ്പ് 14 പ്രകാരം ലൈസൻസിംഗ് അതോറിറ്റിക്ക് ടി സ്ഥാപരത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരമുണ്ട്.

2, നിയമം വകുപ്പ 17 പ്രകാരം ലൈസൻസ് ഇല്ലാതെ മണി ലെൻഡിംഗ് ബിസിനസ്സ് നടത്തുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ് . മേൽപറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് ഏതിരെ 3 മാസത്തിൽ കുറയാതെയും, 3 വർഷത്തിൽ കൂടാതെയും ഉള്ള തടവോ , 50.000 രൂപ വരെ പിഴയോ അല്ലെങ്കിൽ തടവും പിഴയും ചേർന്നുള്ള ശിക്ഷയോ നൽകാവുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 20.5.2002 - ലെ എസ്.ആർ.ഒ നം.403/2002 പ്രകാരം കേരള മണി ലെൻഡേഴ്സ് ആക്ടിൽ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. പ്രസ്തുത നിയമം 18 പ്രകാരം കൂടുതലായി പലിശ ഈടാക്കുകയാണെങ്കിൽ അപ്രകാരം കൂടുതലായി ഈടാക്കിയ തുക സർക്കാരിലേക്ക കണ്ടുകെട്ടുകയും സർക്കാർ ഗജനാവിലേക്ക് അടക്കുകയും വേണമെന്ന നിയമം ചട്ടം 18 ബി പ്രകാരം നിലവിൽ വന്നിട്ടുണ്ട്.

(സി) & (ഡി) ഇല്ല.

**<u>റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി</u>**

598. ശ്രീ.എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. കെ.രാധാകൃഷ്ണൻ :

ശ്രീ. വി.കെ.സി. മമ്മത്കോയ :

ശ്രീ. പി.സി.ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരത്തെക്കുറിച്ച് നിലനിൽക്കുന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗുണനിലവാരമുള്ള അരി മാത്രം തെരഞ്ഞെടുത്ത് റേഷൻ വ്യാപാരികൾക്ക് നൽകുന്നതിന് പ്രത്യേക സംവിധാനം ഭക്ഷ്യവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) റേഷൻ ഡിപ്പോകളിലൂടെ വിതരണം ചെയ്യുന്ന റേഷനരി ഗുണനിലവാരം ഉള്ളതാണെന്ന് ഉറപ്പാക്കാൻ കർശന നടപടി കൈക്കൊള്ളുമോ ?

**<u>ഉത്തരം</u>**

**ശ്രീ.ജി.കാർത്തികേയൻ (ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പു മന്ത്രി ) :**

(എ) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരി ഗുണനിലവാരം കുറഞ്ഞതാണെന്ന ചില പരാതി ലഭിക്കാറുണ്ട്.

(ബി ) ഉണ്ട്.

(സി) പൊതുവിതരണത്തിനായുള്ള അരി ഫുഡ് കോർപ്പറേഷനിൽ നിന്നും എടുക്കുന്നതിനു മുൻപ് സിവിൽ സപ്ലൈസ് വകുപ്പിലേയും ഫുഡ് കോർപ്പറേഷനിലേയും ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ഭക്ഷ്യ വകുപ്പിലേയും എഫ്.സി.ഐയിലേയും ഉദ്യോഗസ്ഥരുടെ ഉന്നതതലയോഗം ചേർന്ന് എഫ്.സി.ഐയിൽ

നിന്നും വിതരണം നടത്തുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ അവലോകനം ചെയ്ത് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ഡി) നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ജില്ലാ കൃഷി തോട്ടങ്ങളുടെ നവീകരണം

599. ശ്രീ. കെ.കെ.ഷാജു :

ശ്രീ. എ.എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ജില്ലാ കൃഷി തോട്ടങ്ങളുടെ നവീകരണത്തിന് എന്തെങ്കിലും പുതിയ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ജില്ലാ കൃഷി ഫാമുകളിലൂടെ മുന്തിയ ഇനം ഫലവൃക്ഷ തൈകളും പച്ചക്കറി വിത്തുകളും വിതരണം ചെയ്യുന്നതിന് കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമോ ;

(ഡി) ആവശ്യത്തിന് ജോലിക്കാരില്ലാത്ത ജില്ലാ കൃഷിത്തോട്ടങ്ങളെ പൂർണ്ണമായും ഉപയോഗപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പു മന്ത്രി ) :**

(എ) & (ബി) ജില്ലാ കൃഷി ഫാമുകളുടെ നവീകരണത്തിനായി ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായുള്ള ഒരു കമ്മിറ്റിയുടെ മേൽനോട്ടത്തിൽ 5 വർഷം കൊണ്ട് ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ഒരു പേർസ്പെക്ടീവ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയുടെയും പദ്ധതികളുടെ മുൻഗണനയുടെയും അടിസ്ഥാനത്തിൽ അവ നടപ്പിലാക്കുന്നതാണ്.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

വകുപ്പുകൾക്ക് അനുവദിക്കുന്ന തുക ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

600 ശ്രീ. എം.എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകൾക്ക് ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന തുക സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിൽ ഒരുമിച്ച് നൽകുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

**ശ്രീ. കെ.ശങ്കരനാരായണൻ ( ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ) :**

(എ) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക മുഴുവനും സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിൽ ഒരുമിച്ചു നൽകുന്ന സംവിധാനമല്ല നിലവിലുള്ളത്. വിവിധ വകുപ്പുകൾക്ക് അവയുടെ ബഡ്ജറ്റ് വിഹിതം സാമ്പത്തിക വർഷത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആവശ്യാനുസരണം ചെലവഴിക്കുന്നതിനുമുള്ള അവസരം നിലവിലുള്ള സംവിധാനം അനുവദിക്കുന്നുണ്ട്, എന്നാൽ പല വകുപ്പുകൾക്കും വിവിധ കാരണങ്ങളാൽ ബഡ്ജറ്റ് വിഹിതത്തിന്റെ സിംഹഭാഗവും സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിൽ മാത്രമെ ചെലവഴിക്കാൻ സാധിക്കുന്നുള്ളു. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓരോ സാമ്പത്തിക വർഷവും നടപ്പിലാക്കേണ്ട പദ്ധതികളുടെ ഭരണാനുമതി സംബന്ധിച്ച നടപടികൾ ആഗസ്റ്റു മാസത്തിനകം പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ചെലവിനുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ പ്രതിമാസ പരിധി മുൻകൂറായി നിശ്ചയിച്ചു നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വോട്ട് ഓൺ അക്കൗണ്ട് ഒഴിവാക്കിക്കൊണ്ട് സമ്പൂർണ്ണ ബഡ്ജറ്റ് മാർച്ച് മാസത്തിൽ തന്നെ പാസ്സാക്കുമോയെന്ന കാര്യം സർക്കാർ ഇപ്പോൾ പരിശോധിച്ചുവരുന്നുണ്ട്.

നിർദ്ധനരും കായികാഭിരുചിയുള്ളവരുമായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ പദ്ധതി

601. ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്ക്കൂൾ തലത്തിൽ പഠിക്കുന്ന നിർദ്ധനരും കായികാഭിരുചിയുള്ളവരുമായ വിദ്ധ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ ഉതകുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനരീതി വിശദീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള ഒരു നൂതന പദ്ധതിക്ക് സർക്കാർ രൂപം നൽകുമോയെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ.കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി):-**

(എ) (ബി)&(സി) സംസ്ഥാന സ്കൂൾ തലത്തിൽ പഠിക്കുന്ന നിർദ്ധനരും കായികാഭിരുചിയുള്ളവരുമായ കുട്ടികളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട '129' സ്പെഷ്യൽ കോച്ചിംഗ് സെന്ററുകളിലൂടെ പ്രസ്തുത കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. കൂടാതെ ജില്ലാ കോച്ചിംഗ് ക്യാമ്പ്, സമ്മർ കോച്ചിംഗ് ക്യാമ്പ് എന്നിവ സംഘടിപ്പിച്ചും വിദഗ്ദ്ധ പരിശീലനം നൽകുന്നുണ്ട്. സ്കൂൾ തലത്തിൽ ഏഴാം ക്ളാസ്സിൽ പഠിക്കുന്ന കായികരംഗത്തെ സമർത്ഥരായ 120 വിദ്യാർത്ഥികളെ വിദ്യാഭ്യാസവകുപ്പു സംഘടിപ്പിക്കുന്ന സബ്ജില്ല, ജില്ല സോണൽ കായിക മത്സരങ്ങളിലൂടെ തെരഞ്ഞെടുത്ത് ജി.വി.രാജാ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളിൽ പ്രവേശനം നൽകുകയും 10-ാം ക്ളാസു വരെയുള്ള എല്ലാ ചെലവുകളും വഹിക്കുകയും ചെയ്യുന്നു. സംസ്ഥാന ജില്ലാ മത്സര വിജയികൾക്ക് പ്രൈസ്മണിയും ദേശീയ മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് 5,000/-, 4,000/-, 3000/- രൂപ ക്രമത്തിൽ ക്യാഷ് അവാർഡും നൽകുന്നുണ്ട്. കൂടാതെ എസ്.എസ്.എൽ.സി. ഹയർ സെക്കണ്ടറി വി.എച്ച്.എസ്. പരീക്ഷകൾക്ക് ഗ്രേസ് മാർക്കും നൽകി വരുന്നു. മേൽപ്പറഞ്ഞവ കൂടാതെ കേരളാ സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 37 സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ കേരളാ സ്പോർട്സ് കൗൺസിൽ ത്രിതല പഞ്ചായത്തുമായി സഹകരിച്ച് 78 സ്കൂളുകളിൽ 5-ാം ക്ളാസിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്ന് 13 കുട്ടികളെ വീതം തെരഞ്ഞെടുത്ത് വിദഗ്ദ്ധ പരിശീലനം നൽകുകയും കുട്ടികളുടെ കായികാഭിരുചി മനസ്സിലാക്കി 7-ാം ക്ളാസ് മുതൽ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് വിവിധ കായിക ഇനങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതും മികവു തെളിയിക്കുന്ന കുട്ടികളെ കേരളാ സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലിലേക്ക് തെരഞ്ഞെടുക്കുന്നതും അങ്ങനെ അവർക്ക് 12-ാം ക്ളാസ് വരെയും അതിനുശേഷം കോളേജ്തലത്തിലും പരിശീലനം നേടാൻ കഴിയത്തക്ക തരത്തിലുള്ള ഒരു പദ്ധതിക്ക് കേരളാ സ്പോർട്സ് കൗൺസിൽ രൂപം നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ വിജയകരമെന്ന് കണ്ടാൽ സംസ്ഥാനത്തിലെ എല്ലാ പഞ്ചായത്തുകളിലും ഇതു നടപ്പിലാക്കാൻ സാധിക്കുന്നതാണ്.